**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2113** **14-10-2024 - ൽ മറുപടിയ്ക്ക്**

**മലയിൻകീഴ് താലൂക്കാസ്ഥാന ആശുപത്രിയുടെ കെട്ടിട നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഐ. ബി. സതീഷ് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | മലയിൻകീഴ് താലൂക്കാസ്ഥാന ആശുപത്രിയുടെ കെട്ടിട നിർമ്മാണത്തിനും ബന്ധപ്പെട്ട സിവിൽ വർക്കുകൾക്കും, മെഡിക്കൽ ഉപകരണങ്ങൾക്കും കിഫ്ബി വഴി ലഭ്യമായ തുക ഇനം തിരിച്ച് വിശദമാക്കാമോ; | (എ) | മലയിൻകീഴ് താലൂക്കാസ്ഥാന ആശുപത്രിയുടെ കെട്ടിട നിർമ്മാണത്തിന് സിവിൽ വർക്കിനുള്ള 9.42 കോടി രൂപയുൾപ്പെടെ ആകെ 15.25 കോടി രൂപയുടെ ധനാനുമതി കിഫ്ബി നൽകിയിട്ടുണ്ട്. ടി ആശുപത്രിക്കാവശ്യമായ മെഡിക്കൽ ഉപകരണങ്ങൾ വാങ്ങുന്നതിന് എസ്.പി.വി ആയ കെ.എം.എസ്.സി.എൽ സമർപ്പിച്ച വിശദമായ പ്രൊപ്പോസൽ കിഫ്ബി പരിശോധിച്ചുവരുന്നു. |
| (ബി) | കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് നിലവിൽ എന്തെങ്കിലും തടസ്സങ്ങളുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരം ലഭ്യമാക്കാമോ; | (ബി) | കെട്ടിടത്തിന്റെ നിർമ്മാണ പ്രവൃത്തി നിലവിൽ 70% പൂർത്തിയായിട്ടുണ്ട്. ടി ആശുപത്രിയിലെ സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിന് പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ ക്ലിയറൻസ് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കെട്ടിട നിർമ്മാണത്തിന് നിലവിൽ തടസങ്ങളൊന്നുമില്ലെങ്കിലും കെട്ടിടത്തിന്റെ സ്ട്രക്ചറൽ സ്റ്റെബിലിറ്റി ലഭ്യമാക്കുന്നതിന് നിലവിൽ മുറിച്ചുമാറ്റിയ ആൽമരത്തിന്റെ അവശിഷ്ടങ്ങൾ നീക്കം ചെയ്യുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. |
| (സി) | പ്രസ്തുത കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ എപ്പോൾ പൂർത്തീകരിക്കാനാകുമെന്നാണ് പ്രതീക്ഷിക്കുന്നത്; വിശദമാക്കാമോ? | (സി) | കെട്ടിട നിർമ്മാണം 2024 ഡിസംബർ അവസാനത്തോടെ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ